## ശാസ്ത്രം, ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **ശാസ്ത്രം:** ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി ദേശീയ അന്തർ ദേശീയ തലത്തിലേക്ക് വളർത്തിയെടുക്കുന്നു. | മത്സര പരീക്ഷകൾ - ശാസ്ത്ര ക്വിസ്, ടാലന്റ് ഹണ്ട്, സംസ്ഥാനതല ശാസ്ത്ര മേളകൾ എന്നിവയിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | അഞ്ച് വർഷത്തിലൊരിക്കൽ | സയൻസ് അധ്യാപകർ | |
| | സയൻസ് ലാബ് ആധുനീക വൽക്കരിക്കുന്നു. സോഷ്യൽ ലാബ് നവീകരിക്കൽ. | | | |
| | ലാംഗ്വേജ് ലാബ് നിർമ്മിക്കുന്നു. ഗണിത ലാബ് ക്രമീകരിക്കൽ. | രണ്ട് വർഷം | ഹെഡ്മിസ്ട്രസ് | പി.ടി.എ, മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ അനുവദിക്കുന്ന മറ്റ് ഫണ്ടുകൾ. |

## ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സ്കൂൾ ലൈബ്രറിയുടെ കൃത്യമായ ഉപയോഗം | ടൈംടേബിൾ പ്രകാരം ക്ലാസിലെ മുഴുവൻ കുട്ടികളെയും ലൈബ്രറിയിൽ ഇരുത്തി വായിപ്പിക്കുന്നു. ആവശ്യമുള്ള കുട്ടികൾക്ക് സ്കൂൾ ലൈബ്രറി മെമ്പർഷിപ്പിലൂടെ റഫറൻസ് പുസ്തകങ്ങൾ വീട്ടിൽ കൊണ്ട് പോകുന്നതിനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ലൈബ്രേറിയൻ | |
| | ക്ലാസ് ലൈബ്രറി ക്ലാസിരുന്ന് തന്നെ വായിക്കാനുള്ള പ്രേരണ നൽകുന്നു. | അക്കാദമിക വർഷം മുഴുവനും | ക്ലാസ് അധ്യാപകർ | |

## പഠന യാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ക്ലാസ് മുറികളിൽ നിന്നും ലഭിച്ച മിതമായ അറിവുകളുടെ അടിസ്ഥാനത്തിൽ പഠിതാക്കളിൽ യഥാർത്ഥ വസ്തുതകളെ പരീക്ഷണ നിരീക്ഷണ ഗവേഷണ തലത്തിലേക്ക് ഉയർത്തുന്നതിന് | പ്രകൃതിയെ തൊട്ടറിഞ്ഞ് അനുഭവങ്ങൾ സ്വായത്തമാക്കുന്നു. | സെപ്തംബർ - ഒക്ടോബർ | പഠനയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |
| | വ്യത്യസ്ത സാഹചര്യങ്ങൾ, കാലവസ്ഥ സംസ്കാരം എന്നിവയോട് പൊരുത്തപ്പെട്ട് ഇടപെടുന്നതിന് | സെപ്തംബർ - ഒക്ടോബർ | പഠനയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |
| 2) പ്രാദേശിക പരിസ്ഥിതികളും വിഭവങ്ങളും ചരിത്രവും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും അനുഭവം ബോധ്യമാക്കുന്നതിനും പഠനഭാരം ലഘൂകരിച്ച് ഉല്ലാസമാക്കുന്നതിനും. | ഏകദിന പഠന യാത്രകൾ, കണ്ടൽക്കാട്, തണ്ണീർ തടങ്ങൾ, കാവുകൾ, പ്രാദേശിക ചരിത്ര പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കുള്ള ഫീൽഡ് ട്രിപ്പ്. | അക്കാദമിക വർഷം | പഠനയാത്ര കമ്മിറ്റി | രക്ഷിതാക്കൾ |

## മേഖല: കലാ – കായികം

**ഉപമേഖല: ചിത്രകല, കായികം, പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സ്വയം തൊഴിൽ മേഖലയിലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ചോക്ക്, കുട എന്നിവയുടെ നിർമ്മാണം | അവധിക്കാലം, ഏപ്രിൽ, മെയ് | പ്രവൃത്തി പരിചയ, കലാ അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ |
| 3) ശാരീരിക മാനസീക ആരോഗ്യം പരിപോഷിപ്പിക്കൽ | യോഗ പരിശീലനം (ആഴ്ചയിൽ ഒരിക്കൽ) അസംബ്ലി ദിവസങ്ങളിൽ മാസ്ഡ്രിൽ (ആഴ്ചയിൽ രണ്ട് ദിവസം ക്ലാസ് അടിസ്ഥാനത്തിൽ മാസ്ഡ്രിൽ പരിശീലനം) | അക്കാദമിക വർഷം | കായിക അധ്യാപകർ | |
| | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് അന്തർ ദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് | ഒരു വർഷത്തിനുള്ളിൽ | കായിക അധ്യാപകർ | |
| | വിദ്യാലയത്തിലെ കുട്ടികളെ പരിശീലിപ്പിച്ച് അന്തർ ദേശീയ തലത്തിൽ മത്സരിപ്പിക്കുന്നതിന് മികച്ച ഖൊ-ഖൊ ടീം രൂപീകരണം. | ഒരു വർഷത്തിനുള്ളിൽ | കായിക അധ്യാപകർ | |

## പഠനോപകരണ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികൾക്ക് പഠന മേഖലകൾ ലഘൂകരിക്കുന്നതിന് വേണ്ടി പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിന് വേണ്ടി. | ഒറിഗാമി<br>ഗണിതത്തിൽ കുട്ടികൾ സ്വയം ഉണ്ടാക്കുന്ന മോഡലുകൾ<br>ശാസ്ത്രത്തിൽ ലഘു പരീക്ഷണങ്ങൾ | അക്കാദമിക വർഷം | അധ്യാപകർ | ക്ലബ്ബുകൾ |
| | ഫയൽ നിർമ്മാണം, ബുക്ക് നിർമ്മാണം, റൈറ്റിംഗ് ബോർഡ് നിർമ്മാണം, വർക്കിംങ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ | അക്കാദമിക വർഷം | അധ്യാപകർ | രക്ഷിതാക്കൾ |

## സ്കൂൾ ഗൈഡ്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **'എന്തിനും തയ്യാർ'** എന്ന ഗൈഡ്സ് ആപ്തവാക്യം ജീവത ശൈലിയാക്കുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുന്നു. | ഗൈഡ്സ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.<br>സ്കൂൾ അച്ചടക്ക സംവിധാനംഗൈഡ്സ് കുട്ടികളുടെ മേൽനോട്ടത്തിൽ നടത്തുന്നു. | അക്കാദമിക വർഷം | ഗൈഡ്സ് അധ്യാപകർ | |
| | കുട്ടികളിൽ സേവന മനോഭാവവും ഉത്തരവാദിത്വ ബോധവും പകർന്ന് നൽകുന്നതിന് റോഡ് സുരക്ഷാമേഖലയിൽ ഉത്തരവാദിത്വപ്പെടുത്തുന്നു. | അക്കാദമിക വർഷം | ഗൈഡ്സ് അധ്യാപകർ | |

## മേഖല: IEDC

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പ്രത്യേക പരിഗണന അർഹിക്കുന്ന CWSN കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു. | കുട്ടികളുടെ ശാരീരിക മാനസീക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഹെഡ്മിസ്ട്രസ് | IEDC സ്കോളർഷിപ്പ് |
| 2) പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗത്തോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ക്ലാസിലെ CWSN / IED കുട്ടികളെ പരിചരിക്കുന്നതിന് മറ്റ് കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഹെഡ്മിസ്ട്രസ് | |
| 3) പഠന കാര്യങ്ങളിൽ റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. | IQ ടെസ്റ്റിലൂടെയും മറ്റ് സാങ്കേതിക സാധ്യതകളിലൂടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നു. | അക്കാദമിക വർഷം | റിസോഴ്സ് അധ്യാപകർ | |

## മേഖല: കലാ – കായികം

**ഉപമേഖല: ചിത്രകല, കായികം, പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) കുട്ടികളുടെ ഉള്ളിൽ അന്തർ ലീനമായി കിടക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | ചിത്രകലയെ കുറിച്ചുള്ള ഡമോൺസ്ട്രേഷൻ ക്ലാസുകൾ, പെയിന്റിങ്ങ്, ക്ലേ മോഡലിംഗ് എന്നിവയിൽ താത്പര്യമുള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം.<br>കുട്ടികളുടെ സർഗ്ഗ സൃഷ്ടികളുടെ പ്രദർശനം. | അക്കാദമിക വർഷം | കലാ അധ്യാപകർ | പി.ടി.എ |

## സ്കൂൾ അസംബ്ലി, സർഗ്ഗ വേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) സർഗ്ഗവേളകൾ സജീവമാക്കുന്നതിന് സർഗ്ഗാത്മക കഴിവുകളെ വികസിപ്പിച്ച് ഭയം കൂടാതെ അവതരിപ്പിക്കുന്നു. | കുട്ടികൾ തന്നെ തയ്യാറാക്കുന്ന സർഗ്ഗവേളകൾ, വിവിധ കലാപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ അവതരിപ്പിക്കുന്നതിലൂടെ കുട്ടികളിലെ സർഗ്ഗാത്മകത വികസിക്കുവാൻ പ്രാപ്തരാക്കുന്നു.<br><br>സഭാകമ്പം ഇല്ലാതെ സദസിനെ അഭിമുഖീകരിക്കുന്നതിലൂടെ സംസ്ഥാനതലം വരെയുള്ള കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് സാധിക്കുന്നു. സർഗ്ഗാത്മക കഴിവുകൾ വികസിക്കുന്നതിലൂടെ കുട്ടികൾ സമൂഹത്തിൽ അറിയപ്പെടുന്ന നിലകളിൽ എത്തുന്നതിന് സഹായകരമാകുന്നു.<br><br>ഇത്തരം പ്രവർത്തനങ്ങളിലൂടെ ഓർഗ്ഗനൈസിംഗ് പവർ നേടുന്നു. കുട്ടികൾക്കാവശ്യമായ സഹായങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | |

## സാമൂഹ്യസംവിധാനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) തദ്ദേശീയ ഭരണ സംവിധാനത്തിലുള്ള ഉന്നത വ്യക്തിത്വങ്ങൾ, ഫണ്ടുകൾ എന്നിവയെ ഉപയോഗപ്പെടുത്തി കൊണ്ട് സ്കൂളിന്റെ ഭൗതീക അക്കാദമികതലം പരിപോഷിപ്പിക്കൽ. | കുട്ടികൾക്കാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് മുൻസിപ്പൽ തല ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു.<br><br>അർഹിക്കുന്ന കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു. | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ് | |

## സാമൂഹ്യസംവിധാനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) പൂർവ്വ വിദ്യാർത്ഥികളെ സ്കൂളിന്റെ ഭാഗമാക്കി നിലനിർത്തുന്നു. | സ്കൂളിൽ നിന്നും പഠിച്ച് സമൂഹത്തിന്റെ ഉന്നതിയിൽ നിൽക്കുന്ന പൂർവ്വ വിദ്യാർത്ഥികളെ ഉപയോഗിച്ച് കൊണ്ട് മോട്ടിവേഷൻ ക്ലാസുകൾ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.<br><br>ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തീകസഹായം ലഭ്യമാക്കുന്നു. | അക്കാദമിക വർഷം | ഹെഡ്മിസ്ട്രസ് | |
| 3) സ്ഥലത്തെ ക്ലബ്ബുകളുടെ സഹായം സ്കൂളിന്റെ അക്കാദമിക ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗിക്കുന്നു. | ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ്ബ്, ജൂനിയർ ചേമ്പർ, ലൈബ്രറി കൗൺസിൽ എന്നിവരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. | അക്കാദമിക വർഷം | പ്രധാന അധ്യാപിക | |

| ഗവ. ബോയ്സ് ഹൈസ്കൂൾ, തൃപ്പൂണിത്തുറ<br>അക്കാദമിക മാസ്റ്റർ പ്ലാൻ (ഗണിതം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപ്പെട്ടി ഉപയോഗം, ശില്പശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ | ഗണിതക്ലബ് |
| 3. Problem of the week | ഓരോ ആഴ്ചയും ഗണിതാഭിരുചി വളർത്താനുതകുന്ന തരത്തിലുള്ള ചോദ്യങ്ങൾ നൽകുന്നു. | തുടർപ്രവർത്തനം | അധ്യാപകർ | ഗണിതക്ലബ്, പി ടി എ |
| 4. ഗണിതമേളക്ക് തയ്യാറെടുപ്പ് | വിവിധ മത്സരങ്ങൾ, ശില്പശാലകൾ, ഗണിതക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | ജൂൺ - ആഗസ്റ്റ് | അധ്യാപകർ | ഗണിതക്ലബ്, പി ടി എ |
| 5. സംഘബോധം ഉണ്ടാക്കൽ | കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് Seminars, Assignments, Projects എന്നിവ നൽകുന്നു. | തുടർപ്രവർത്തനം | അധ്യാപകർ, സംഘത്തലവൻ | |
| 6. അധ്യാപകർ പുതിയ ഗണിതസമീപനരീതി | സംഘപ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നീ | തുടർപ്രവർത്തനം | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| അനുസരിച്ച് ചെറിയ ക്ലാസ്സ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | കൂട്ടായ പ്രവർത്തനങ്ങൾ | | | |
| 7. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | സെമിനാർ, ശില്പശാല, പ്രദർശനങ്ങൾ | സെപ്തംബർ – ഡിസംബർ | അധ്യാപകർ | പി ടി എ |
| 8. പഠനവിടവ് നികത്തി പരിഹാരബോധനം | മാത്സ് ക്ലിനിക് | പാദവാർഷിക, അർധവാർഷിക പരീക്ഷകൾക്ക് ശേഷം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 9.ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജനുവരി | ക്ലബ് സെക്രട്ടറി, അധ്യാപകർ, പി. ടി. എ. | പി ടി എ |
| 10.വിജയഭേരി | SSLC വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം | ജനുവരി, ഫെബ്രുവരി | | പി ടി എ |

# ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം തെറ്റാതെ വായിക്കാനും എഴുതാനും പറയാനും ഉള്ള ശേഷി വികസനം. | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമ്മാണം.<br>4. വാക്യ നിർമ്മാണം.<br>5. ഓരോ പാഠഭാഗമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | 2 മാസം<br>1 വർഷക്കാലം. | മലയാളം ടീ | |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | 1. വായന പരിശീലനം<br>2. വായനക്കൂട്ടം രൂപീകരിക്കൽ.<br>3. ക്ലാസ് ലൈബ്രറി നവീകരിക്കൽ.<br>4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകം ലഭ്യമാക്കൽ.<br>5. വായനയൊരു വാർഷിക പദ്ധതി. | 1 മാസം<br>6 മാസം<br>6 മാസം.<br>1 വർഷം<br>ആവശ്യാനുസരിച്ച്.<br>1 വർഷം. | ക്ലാസ് ഗ്രൂപ്പ്<br>മലയാളം ടീച്ചർ<br>മലയാളം ടീച്ചർ | |
| പത്രവായന പരിപോഷിപ്പിക്കുക. | പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിൽ ലഭ്യമാക്കൽ.<br>ഓരോ ക്ലാസിനും കുറഞ്ഞത് ഒരു പത്രം.<br>രാവിലെ പത്രവാർത്തകളുടെ അവതരണം. | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | PTA/ SMC<br>മലയാളം ടീച്ചർ/ SRG<br>ക്ലാസ് ടീച്ചർ | |

| | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യ ക്വിസ് | വർഷത്തിൽ രണ്ട് തവണ | വിദ്യാരംഗം സാഹിത്യവേദി | |
| | കവിതാലാപന മത്സരം. | മൂന്ന് മാസത്തിൽ ഒരിക്കൽ | | |
| | സ്കൂൾ തലപത്രം പ്രസിദ്ധീകരിക്കൽ | ആറ് മാസത്തിൽ ഒരിക്കൽ | മലയാളം ടീച്ചർ s | |
| | പുസ്തകചർച്ച | മാസത്തിൽ ഒന്ന്. | ,, | |
| | ദൃശ്യകല. ശില്പകല | | . | |

# Academic Master Plan
## Social Science (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1. ചരിത്രത്തെ ചരിത്രസ്മാരകങ്ങളിലൂടെ മനസ്സിലാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കാർഷിക മേഖല - ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് Field trips സംഘടിപ്പിക്കുന്നു. | 2025 - 26 നിശ്ചയിക്കുന്ന തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | School, students |
| 2. ജനാധിപത്യ മൂല്യങ്ങൾ വിദ്യാർത്ഥികളിൽ വളർത്തുക. പൗരബോധം, സാമൂഹ്യബോധം എന്നിവ വളർത്തുക. | മാതൃക പാർലമെന്റ് - സ്കൂൾ പാർലമെന്റ്, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രോഗ്രാം തീരുമാനിക്കുന്ന ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | School students organisation |
| 3. ഭൂമിശാസ്ത്ര ഉൾക്കാഴ്ച ഉണ്ടാക്കുക, വിവിധ മേഖലകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കുക. | ക്വിസ്, ദിനാചരണങ്ങൾ, പോസ്റ്ററുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, വിവിധ പഠനങ്ങൾ | നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 4). ഭൂപടവായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക. | ഭൂപടവായന ഉപയോഗിച്ചുള്ള കളികൾ പ്രവർത്തനങ്ങൾ. Atlas നിർമ്മാണം, ക്വിസുകൾ. | ഒരു അദ്ധ്യയന വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. പഠനപിന്നാക്കക്കാരായ കുട്ടികളെ പരിഗണിക്കുക. | സാമൂഹ്യശാസ്ത്ര വിഷയത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾ ഉൾപ്പെടുന്ന പഠിതാക്കൾക്ക് ഒഴിവുസമയങ്ങളിൽ പ്രത്യേക പരിശീലനം. | ഒരു അദ്ധ്യയന വർഷത്തിലെ ഒഴിവ് ദിനങ്ങൾ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | | | | |

## മേഖല – ഹൈസ്കൂൾ – സയൻസ് - ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ് - ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

# ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1.മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളിൽ നിന്നും അകന്നു നിൽക്കാനും ഉത്തമ സാമൂഹ്യ ബോധമുള്ള പൗരന്മാരായി വളരാനുമുള്ള അവബോധം സൃഷ്ടിക്കുന്നതിന് | ** സ്കൂൾ അസ്സംബ്ലിയിൽ ലഹരി വിരുദ്ധപ്രതിജ്ഞ, ചെറു നാടകങ്ങൾ അവതരിപ്പിക്കൽ<br>** സാമൂഹ്യ ബോധവത്കരണത്തിനായി റാലികൾ, ഫ്ലാഷ് മോബ് തുടങ്ങിയവ സംഘടിപ്പിക്കുന്നു<br>** സ്കൂൾതല ബോധവത്കരണത്തിനായി പോലീസ്, എക്സൈസ്, മനഃശാസ്ത്രവിദഗ്ദ്ധർ തുടങ്ങിയവരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനും | ഹെഡ് മിസ്ട്രസ്, അധ്യാപകർ, പി ടി എ, | പി ടി എ |
| 2. മാലിന്യ സംസ്കരണം ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള അവബോധം ഉണ്ടാകാൻ. പ്ലാസ്റ്റിക് നിർമാർജനം | ** ബയോ ബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവയുടെ ഉപയോഗം<br>** ഹരിത ക്യാമ്പസ് - പ്ലാസ്റ്റിക് കാരി ബാഗുകൾ, കുപ്പികൾ, പാത്രങ്ങൾ നിരുത്സാഹിപ്പിക്കുക<br>** തുണി സഞ്ചികൾ, മഷിപേനകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക | അക്കാദമിക വർഷം മുഴുവനും | ഹെഡ് മിസ്ട്രസ്, അധ്യാപകർ, പി ടി എ, | പി ടി എ, തദ്ദേശ സ്വയംഭരണ വകുപ്പ് |

# Academic Master Plan (2025–26): English

Level: High School (Classes 8–10)

Textbook Structure: 5 Units (Each with 2 Prose + 1 Poem)

## Learning Objectives

- Develop LSRW skills through literature and functional grammar.
- Build vocabulary, comprehension, and creative expression.
- Encourage inclusive, activity-based, and participatory learning.
- Prepare all students—including SWSN—for summative assessments.

## Monthly Curriculum Plan with SWSN Strategies

| Month | Content Focus | Key Skills/Activities | SWSN Support Strategies |
|---|---|---|---|
| June | Orientation + Unit 1 (Prose 1) | Baseline assessment, oral reading, Q&A | Simplified worksheets, seating support, visual aids |
| July | Unit 1 (Prose 2 + Poem 1) + Unit 2 (Prose 1) | Vocabulary, poetic devices, story structure | Picture-word cards, rhythmic reading, story maps |
| August | Unit 2 (Prose 2 + Poem 2) + Unit 3 (Prose 1) | Narrative skills, grammar basics | Buddy reading, sentence starters, simplified grammar charts |
| September | Unit 3 (Prose 2 + Poem 3) | Listening, speaking, creative writing | Audio clips, oral summaries, visual aids |
| October | Unit 4 (Prose 1 + Prose 2) | Comprehension, descriptive writing, editing | Guided reading, reading aloud in pairs, assistive writing tools |
| November | Unit 4 (Poem 4) + Unit 5 (Prose 1) | Poetry analysis, grammar reinforcement | Practice with visual aids, oral poetry analysis, model answers |
| December | Unit 5 (Prose 2 + Poem 5) | Final grammar topics, presentation skills | Scaffolded revision worksheets, peer tutoring, simplified exercises |
| January | Full syllabus wrap-up + Mock Tests | Creative writing, test prep, timed practice | Practice papers, flexible timing, oral test options |
| | | | |

| | | | |
|---|---|---|---|
| February | Revision and Remediation | Doubt clearance, remedial activities, mock exams | Individual support, reader/writer assistance, visual and oral revision aids |
| March | Final Exam | Summative Assessment preparation | Reader/writer support, extended time, alternative answer formats |

## Key Pedagogical Approaches

- Constructivist, activity-based methods
- Inclusive classroom practices
- Formative assessments and real-world language use
- Integration of literature with language skills

## Assessment Types

- Baseline Test (June): Reading & writing diagnostic
- Formative Assessments in each term: Oral, written, group tasks
- Summative Assessments : Based on SCERT pattern
- Adapted for SWSN where needed: oral options, simplified formats, use of aids

## Co-curricular Integration

- English Club (Skit, Storytelling, Recitation)
- Day Observances(Making posters and delivering speeches etc. on Reading Day, Hiroshima Day and others)
- Reading Challenges (Class Library)
- Creative Writing Contests
- Inclusive Activities for All Learners

## Co-curricular Support for SWSN Students

- Use **inclusive English club activities**: drawing posters, narrating short events.
- Organize **reading buddy programs**.
- Celebrate small achievements with **certificates and praise**.

# Academic Master Plan

## Hindi

### പൊതുവായ ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

* ഹിന്ദി ഭാഷാ പഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

### എട്ടാം ക്ലാസ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരങ്ങളും, ചിഹ്നങ്ങളും ശരിയായ ഉച്ചാരണത്തോടെ പരിചയപ്പെടുന്നു. | ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം പരിചയപ്പെടുന്നു. | ജൂൺ - ജൂലൈ |
| വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കൈയ്യെഴുത്ത്, പദങ്ങൾ പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഓഗസ്റ്റ് - ഒക്ടോബർ |
| കാർട്ടൂൺ, ചിത്രകഥ, കവിതകൾ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കവിതകളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | നവംബർ - ജനുവരി. |

## ഒൻപതാം ക്ലാസ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ കാര്യത്തിൽ കൂടുതൽ പരിശീലനം നൽകുന്നു | വർക്ക്ഷീറ്റുകൾ, ചിത്രകഥാ പുസ്തകങ്ങൾ ഇവ വായിക്കുവാൻ നൽകുന്നു | ജൂൺ-ജൂലൈ. |
| നാമം, സർവനാമം, വിശേഷണം എന്നിവ മനസിലാക്കുന്നു. വാക്യഘടന പരിചയപ്പെടുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും നാമം, സർവനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. | ആഗസ്റ്റ്-സെപ്റ്റംബർ |
| പോസ്റ്റർ തയാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മേഖല നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു | ഒക്ടോബർ-നവംബർ. |
| കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുവാനറിയുന്നു. | ക്ലാസിൽ പ്രദർശിപ്പിച്ച് കൃത്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകളുടെ ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു | |

## പത്താം ക്ലാസ്.

| | | |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാവശ് ഉതക്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകത്തിന്റെ സംഭാഷണം തയാറാക്കുവാൻ പറയുന്നു. | ജൂൺ-ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി [illegible] - ഹിന്ദി ദിനാഘോഷം... കുട്ടികളുടെ ഉചിതമായ പങ്കാളിത്തം ഉറപ്പാക്കുന്നു | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ആഗസ്റ്റ്, സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കുന്നു. കഥയെ തിരക്കഥയാക്കി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളെക്കുറിച്ച് തയാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചർച്ചക്കുറിപ്പ് തയാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | നവംബർ ജനുവരി |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഫിസിക്കൽ സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ① കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താൻ സഹായകമായ പരീക്ഷണ നിരീക്ഷണങ്ങളുടെ മേഖലകൾ പരിചയപ്പെടുത്തുന്നു. | സയൻസ് ക്ലബ്ബ് ഉദ്ഘാടനം നടത്തി കുട്ടികളെ സയൻസ് ലാബുകൾ പരിചയപ്പെടുത്തുന്നു. ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ ഇവ തിരിച്ചറിയുന്നതിനും ലാബ് വൃത്തിയായി സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും അവ പ്രാവർത്തികമാക്കാൻ അവരെ സജ്ജരാക്കുകയും ചെയ്യുന്നു. | ജൂൺ, ജൂലൈ | ഹെഡ്മിസ്ട്രസ്, സയൻസ് ക്ലബ്ബ് കൺവീനർ, സയൻസ് അധ്യാപകർ | പി.ടി.എ. സയൻസ് ക്ലബ്ബ്. |
| ② ആധുനിക ലോകത്തിന്റെ നിലനിൽപ്പിന് നിരവധി സംഭാവനകൾ നൽകിയ രസതന്ത്രത്തിലെയും ഭൗതിക ശാസ്ത്രത്തിലെയും ശാസ്ത്രജ്ഞർ, കണ്ടുപിടുത്തങ്ങൾ, പുരോഗതികൾ തുടങ്ങിയ വിവരങ്ങൾ പരിചയപ്പെടുത്തുന്നു. | ICT സഹായത്തോടെ, ശാസ്ത്രജ്ഞർ, പീരിയോഡിക് ടേബിൾ, ഇവ പരിചയപ്പെടുത്തുന്നു. ലൈബ്രറിയുടെ സഹായത്തോടെ ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുന്നു. പീരിയോഡിക് ടേബിൾ നിർമ്മാണം. ശാസ്ത്രമാസിക നിർമ്മാണം. | അക്കാദമിക വർഷം മുഴുവൻ | ഹെഡ്മിസ്ട്രസ്, അധ്യാപകർ. | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| (3) അളവ് ഉപകരണങ്ങൾ തിരിച്ചറിയുന്നതിനും അവ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിന്. | ലാബിന്റെ സഹായത്തോടെ ലഭ്യമായ അളവ് ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും ICT സഹായത്തോടെ ഉപകരണങ്ങളുടെ ഉപയോഗങ്ങളും മനസ്സിലാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു. | അക്കാദമിക വർഷം മുഴുവൻ. | ഹെഡ്മിസ്ട്രസ്, സയൻസ് അധ്യാപകർ. | — |
| (4) ബഹിരാകാശ നിലയത്തെക്കുറിച്ചും പവർ സ്റ്റേഷനുകളെക്കുറിച്ചും ഗവേഷണങ്ങളെക്കുറിച്ചും കുട്ടികൾക്ക് കൗതുകം വർദ്ധിപ്പിക്കുന്നതിന്. വൈദ്യുതിയുടെ വിവിധ മേഖലകൾ പരിചയപ്പെടുത്തുന്നതിന്. | ICT സഹായത്തോടെ പരിചയപ്പെടുത്തൽ, മോഡലുകളുടെ നിർമ്മാണം, വൈദ്യുത ഉപകരണങ്ങളുടെ നിർമ്മാണ രീതികൾ പരിചയപ്പെടുത്തുന്നതിനും നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള ഒരുക്കങ്ങൾ നടത്തുന്നു. | ഒക്ടോബർ, നവംബർ. | അധ്യാപകർ | പി.ടി.എ. |
| (4) സ്വന്തമായി ഉല്പാദിപ്പിക്കുന്ന, സോപ്പ് നിർമ്മാണം, ഡിഷ് വാഷ്, ഹാർപിക്. തുടങ്ങിയവ പരിചയപ്പെടുത്തുന്നതിന്. | ലാബുകളിൽ കുട്ടികൾ സ്വയമായി ആവശ്യമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുകയും അവരെ അതിനായി പ്രാപ്തരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം മുഴുവൻ | ഹെഡ്മിസ്ട്രസ്, അധ്യാപകർ. | പി. ടി. എ. |
| (5) മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം. സ്കൂൾ ഹരിതാഭമാക്കൽ ഇതിനായി കുട്ടികളെ സജ്ജരാക്കുന്നു. | അസംബ്ലിയിൽ ബയോബിന്നുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ ഇവയുടെ പ്രവർത്തന വിശദീകരണം. പച്ചക്കറികൾ, പൂച്ചെടികൾ ഇവ നട്ട് സ്കൂൾ ഹരിതാഭമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | അക്കാദമിക വർഷം മുഴുവനും. | ഹെഡ്മിസ്ട്രസ്, അധ്യാപകർ, അനധ്യാപകർ | പി.ടി.എ., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. |

**അക്കാദമിക്ക് മാസ്റ്റർപ്ലാൻ സംസ്കൃതം എച്ച് എസ്**
**GBHSS TRIPUNITHURA 2025-26**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കലായളവ് | പഠനോപകരണങ്ങൾ |
|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനു ള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല<br>• പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യ ശാഖകളെ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകൾ, ചിത്രങ്ങൾ, വീഡിയോകൾ …. etc |

| | | | |
|---|---|---|---|
| വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്ന തിനാ യി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടു ത്തൽ<br>• ഭാഷാലാബ് | പരിചയപ്പെടുത്ത ൽ,<br>• കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറി പ്പു കൾ എന്നിവ രചിച്ച് /ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**
**PROJECT (SANSKRIT)**

- സംസ്കൃതം ലൈബ്രറി

സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- സംസ്കൃതദിനാചരണം

സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- സംസ്കൃത അസംബ്ലി

വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- സംസ്കൃതസംഭാഷണ ക്യാമ്പ്

സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണ ക്യാമ്പുകൾ സംഘടിപ്പിക്കൽ.

- പഠനയാത്രകൾ സംഘടിപ്പിക്കൽ

സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- വിവിധ മത്സരങ്ങൾ

കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.
സംസ്കൃത നാടക മുൾപ്പടെ സംസ്കൃതോൽവുമായി ബന്ധപ്പെട്ട മത്സരങ്ങൾക്ക് പരിശീലനം നൽകൽ

- ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ

ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, തുടങ്ങിയവ പ്രദർശിപ്പിക്കൽ.

AMBIKA E.P
HST SANSKRIT